# ‘കർത്താവ് – യഥാർഥ സ്നേഹിതൻ’

## സദൃശ്യവാക്യങ്ങൾ 18:24

**“വളരെ സ്നേഹിതന്മാരുള്ള മനുഷ്യനു നാശം വരും; എന്നാൽ സഹോദരനേക്കാളും പറ്റുള്ള സ്നേഹിതന്മാരും ഉണ്ടു.”**

ആരാണ് നമ്മുടെ ഏറ്റവും അടുത്ത സ്നേഹിതന്മാർ? കർത്താവുമായുള്ള അവരുടെ ബന്ധം എങ്ങനെയാണ്? എന്നെങ്കിലും നമ്മുടെ ജീവിതത്തിൽ ഇത്തരത്തിൽ നാം ചിന്തിച്ചിട്ടുണ്ടോ? ഇല്ല എന്നാണെങ്കിൽ ഇനി അതു ജീവിതത്തിൽ ചെയ്യേണ്ടുന്ന ആവശ്യകതയെക്കുറിച്ചാണ് വചനം നമ്മോട് സംസാരിക്കുന്നത്. ഒരു പക്ഷെ നമുക്ക് വേണ്ടി എന്തും ചെയ്യും എന്നൊക്കെ വീരവാദങ്ങൾ മുഴക്കുന്ന ഒരു സ്നേഹിതഗണം തന്നെ നമുക്കുണ്ടായെന്നിരിക്കാം, പക്ഷെ ദൈവവചനത്തിൻ അടിസ്ഥാനത്തിൽ അവർ നമുക്ക് യഥാർഥ സ്നേഹിതന്മാരാണോ എന്ന് ഒന്ന് ശോധന ചെയ്യുന്നത് അനിവാര്യമാണെന്നു ഈ വചനം ധ്യാനിച്ചു കഴിയുമ്പോൾ നമുക്ക് മനസ്സിലാകും.

**2 കൊരിന്ത്യർ 6:14ൽ** പറയുന്നു **“നിങ്ങൾ അവിശ്വാസികളോടു ഇണയില്ലാപ്പിണ കൂടരുതു; നീതിക്കും അധർമ്മത്തിന്നും തമ്മിൽ എന്തൊരു ചേർച്ച? വെളിച്ചത്തിന്നു ഇരുളോടു എന്തൊരു കൂട്ടായ്മ?”**

**2 കൊരിന്ത്യർ 6:17-18** ൽ ഇപ്രകാരം പറയുന്നു **“അതുകൊണ്ടു അവരുടെ നടുവിൽ നിന്നു പുറപ്പെട്ടു വേർപ്പെട്ടിരിപ്പിൻ എന്നു കർത്താവു അരുളിച്ചെയ്യുന്നു; അശുദ്ധമായതു ഒന്നും തൊടരുതു; എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ടു നിങ്ങൾക്കു പിതാവും നിങ്ങൾ എനിക്കു പുത്രന്മാരും പുത്രിമാരും ആയിരിക്കും എന്നു സർവ്വശക്തനായ കർത്താവു അരുളിച്ചെയ്യുന്നു.”**

ഒരു ദൈവപൈതൽ സ്നേഹിതന്മാരെ തിരഞ്ഞെടുക്കുമ്പോൾ അല്ലെങ്കിൽ തങ്ങളുടെ ജീവിതത്തിൽ ആരെല്ലാമായി മാത്രമേ സമ്പർക്കം പാടുള്ളൂ എന്ന് ദൈവത്തിൽ നിന്നും നമുക്ക് വളരെ വ്യക്തമായി ലഭിക്കുന്ന അരുളപ്പാടാണ് ഇവിടെ നാം കണ്ടത്. നമ്മെ തന്നെ നാം വിഢികളാക്കി തീർക്കാതിരിപ്പാൻ ദൈവം നമ്മിൽ നിന്ന് ആഗ്രഹിക്കുന്നു. തീയോട് കളിച്ചാൽ കൈ പൊള്ളുമെന്നുള്ളത് ഒരു യഥാർഥ്യമായിരിക്കെ ദൈവം നമ്മോട് ചിലത് അവന്റെ വചനത്തിലൂടെ അരുളിച്ചെയ്യുമ്പോൾ അതു നമ്മുടെ നല്ലതിന്നു വേണ്ടിയാണെന്നുള്ള ഒരു തിരിച്ചറിവോടുകൂടി അനുസരിക്കുവാൻ നാം ബാധ്യസ്ഥരാണ്.

നമ്മുടെ ചിന്താവാക്യത്തിന്റെ അടുത്ത ഭാഗത്ത് ഇപ്രകാരം പറയുന്നു **"സഹോദരനേക്കാളും പറ്റുള്ള സ്നേഹിതന്മാരും ഉണ്ടു."** ഇന്ന് നമ്മുടെ സ്വന്തം എന്നു പറയുന്ന സഹോദരനോ, സഹോദരിയോ, നമ്മുടെ ഭർത്താവോ, ഭാര്യയോ, ആരുമാകട്ടെ അവരെല്ലാം നമ്മെ സ്നേഹിക്കുന്നവരും ഒരു പക്ഷെ നമ്മുടെ ഏറ്റവും അടുത്ത സ്നേഹിതന്മാരും ആയിരിക്കും. പക്ഷെ അവർ എത്രത്തോളം നമ്മോട് അടുത്തവരെന്നു പറഞ്ഞാലും ഒരു പരിധി കഴിഞ്ഞാൽ അവർക്കും ഈ പറയുന്ന അടുപ്പവും സ്നേഹവുമൊക്കെ ഒരു ബാധ്യതായായി മാറിയേക്കാം. അവിടെയാണ് എനിക്കും നിങ്ങൾക്കും വേണ്ടി ഈ ബാധ്യതകളെല്ലാം ഏറ്റെടുത്ത് നമ്മെ ജീവനു തുല്യം സ്നേഹിച്ച് നമുക്കു വേണ്ടി സ്വന്തജീവനെ കൂടെ ബലിയർപ്പിച്ച നമ്മുടെ കർത്താവ് എന്ന അരുമ സ്നേഹിതനെ നാം കാണേണ്ടിയത്.

**യോഹന്നാൻ 15:13 ൽ** ഇപ്രകാരം പറയുന്നു **"സ്നേഹിതന്മാർക്കുവേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല."**

അവൻ യാതൊരു മറുവിലയും നോക്കാതെ നമ്മുടെ പാപങ്ങൾക്കു വേണ്ടി യാഗമായി തീർന്നതാണ്, അത് അവനു നമ്മോട് നമ്മുടെ സ്വന്ത സഹോദരനുള്ളതിലും അധിക സ്നേഹം ഉള്ളതു കൊണ്ടാണ് എന്നു നാം മനസ്സിലാക്കണം. അങ്ങനെയെങ്കിൽ വാസ്തവത്തിൽ നമ്മുടെ സ്നേഹിതൻ ആരെന്ന് നാം തിരിച്ചറിയേണം. അവനു വേണ്ടി നമ്മുടെ ജീവിതത്തെ തന്നെ മാറ്റി വെയ്ക്കാനും അവനായി ജീവിക്കാനും നാം തയ്യാറാകണം. അതിന്റെ സമയം ഇന്നു അതിക്രമിച്ചു കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഞാനും നിങ്ങളും ജീവിക്കുന്നത്. ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ നയിച്ച് അതിനു യോഗ്യന്മാരായി തീർക്കട്ടെ എന്നു പ്രാർത്ഥിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം :**

എബ്രായർ 13:5

**"ഞാൻ നിന്നെ ഒരുനാളും കൈ വിടുകയില്ല, ഉപേക്ഷിക്കയുമില്ല"**

**ബ്രദർ. ബിനു ബേബി ആലപ്പുഴ 077**